**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550** **30-08-2022 - ൽ മറുപടിയ്ക്ക്**

**കലാപരവും സാംസ്കാരികവുമായ ഉന്നതിക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കലാപരവും സാംസ്കാരികവുമായ വളർച്ചയും വികാസവും അടയാളപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യാനുതകുന്ന തരത്തിൽ കേരള സ്റ്റേറ്റ് മ്യൂസിയം ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ; | (എ) | കേരളപ്പിറവി മുതലുള്ള സംസ്ഥാനത്തിന്റെ കലാപരവും സാംസ്കാരികവുമായ വളർച്ചയും വികാസവും അടയാളപ്പെടുത്തി സൂക്ഷിക്കാൻ ഉതകുന്ന തരത്തിൽ കേരള സ്റ്റേറ്റ് മ്യൂസിയം എന്ന പേരിൽ ഒരു മ്യൂസിയം തൃശ്ശൂരിൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 2022-2023 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിന്റെ ചരിത്രം, സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള പ്രധാനപ്പെട്ട ചരിത്ര സംഭവങ്ങൾ, സംസ്കാരം, കല, കൃഷി, വ്യവസായം, വിദേശികളുടെ ആധിപത്യത്തിനെതിരെയുള്ള പോരാട്ടം, സ്വാതന്ത്ര്യസമര ചരിത്രം, നവോത്ഥാനം തുടങ്ങി കേരളത്തിന്റെ തനതു സംസ്കാരം പ്രദർശിപ്പിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. കൂടാതെ ചിത്രപ്രദർശനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ അരങ്ങേറുന്നതിന് മാത്രമായി പുതിയ ആർട്ട്ഗ്യാലറിയും, അനുബന്ധ സംവിധാനങ്ങളും ഒരുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ചരിത്രശേഷിപ്പിന്റെ അമൂല്യനിധിയായ താളിയോലകൾക്കായി രാജ്യത്തുതന്നെ ആദ്യമായി ഒരു മ്യൂസിയം സംസ്ഥാനത്ത് ഒരുക്കുന്നുണ്ടോ; മ്യൂസിയത്തിൽ സജ്ജീകരിക്കുന്ന രേഖകൾ, ഗവേഷണ സൗകര്യം, ഡിജിറ്റൈസേഷൻ തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ചരിത്രത്തിന്റെ രേഖപ്പെടുത്തലുകളായ താളിയോലരേഖകൾക്കായി രാജ്യത്തെ ആദ്യത്തെ താളിയോലരേഖാമ്യൂസിയം സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ തിരുവനന്തപുരം മേഖലാ ഓഫീസായ സെൻട്രൽ ആർക്കൈവ്സിൽ സജ്ജീകരിച്ചു വരുന്നു. പ്രസ്തുത മ്യൂസിയത്തിൽ കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക ചരിത്രങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന സംഭവങ്ങളെ ആസ്പദമാക്കിയുള്ള ഗ്യാലറികളും ഡയോരമകളുമാണ് സജ്ജമാക്കിയിട്ടുള്ളത്. കേരളത്തിന്റെ പ്രാചീന ലിഖിതങ്ങളായ വട്ടെഴുത്ത്, |

| | | | |
|---|---|---|---|
| | | | കോലെഴുത്ത്, മലയാഴ്മ, തമിഴ് തുടങ്ങിയ ഭാഷകളിൽ എഴുതപ്പെട്ട താളിയോല രേഖകളിലെ ചരിത്ര സംഭവങ്ങളെ പശ്ചാത്തലമാക്കിയിട്ടുള്ളതാണ് ഈ മ്യൂസിയത്തിന്റെ ഉള്ളടക്കം. ഗവേഷകർക്കാവശ്യമായ തരത്തിൽ താളിയോലരേഖകൾ ശാസ്ത്രീയ സംരക്ഷണം നടത്തി സൂക്ഷിക്കുന്നതിലേയ്ക്കായി വകുപ്പിന്റെ ഇന്റർനാഷണൽ ആർക്കൈവ്സ് ആന്റ് റിസർച്ച് സെന്റർ എന്ന സ്ഥാപനം കാര്യവട്ടത്ത് ആരംഭിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | പഴയ തറവാടുകളിലടക്കം സംരക്ഷിക്കപ്പെടാതെ നശിക്കുന്ന താളിയോലകളെ വീണ്ടെടുക്കാനും സൂക്ഷിക്കാനും കമ്മ്യൂണിറ്റി ആർക്കൈവ്സ് എന്ന പേരിൽ പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | പുരാരേഖാ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി പ്രകാരം സംരക്ഷിക്കപ്പെടാതെ കിടക്കുന്ന സ്വകാര്യ രേഖകൾ ശാസ്ത്രീയമായി സംരക്ഷണം നടത്തി നല്കുന്ന പദ്ധതികൾ കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മലബാറിലെ ചില മനകളിലെ താളിയോല രേഖകളും കൂടൽ മാണിക്യം ക്ഷേത്രത്തിലേയും, കണ്ണൂർ ആംഗ്ലിക്കൽ ചർച്ചിലേയും നിരണം സെൻറ് ജോൺസ് ദേവാലയത്തിലേയും റിക്കാർഡുകളും സംരക്ഷിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ